**കടൽക്ഷോഭത്തെത്തുടർന്ന് വീട് നഷ്ടപ്പെട്ടവരുടെ പുനരധിവാസം**

353 (963) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽക്ഷോഭത്തെ തുടർന്ന് വീട് നഷ്ടപ്പെട്ട അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ ആലപ്പുഴ നഗരസഭയിലുൾപ്പെട്ടവർക്ക് നഗരസഭ പുനരധിവാസത്തിനായി സ്ഥലം വാങ്ങിനൽകുകയും സർക്കാരിന്റെ വിവിധ പദ്ധതികളിലുൾപ്പെടുത്തി വീടുകൾ നൽകുകയും ചെയ്തിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. കടൽക്ഷോഭത്തെ തുടർന്ന് വീട് നഷ്ടപ്പെട്ടവരുടെ പുനരധിവാസത്തിനായി ആലപ്പുഴ നഗരസഭ വാടയ്ക്കൽ, ഗുരുമന്ദിരം വാർഡുകളിലായി 1 ഏക്കർ 86 സെന്റ് സ്ഥലം വാങ്ങി 15-7-2003-ൽ കൈവശാവകാശ രേഖ നൽകിയിട്ടുണ്ട്. ഫിഷറീസ് വകുപ്പ് ആലപ്പുഴ ജില്ലയിൽ ആലപ്പുഴ നഗരസഭ പരിധിയിൽ 2017-2018 സാമ്പത്തിക വർഷം ഭൂരഹിത/ഭവനരഹിത പദ്ധതിയിൽ 3 ഗുണഭോക്താക്കൾക്ക് സ്ഥലം വാങ്ങി ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിച്ചിട്ടുണ്ട്. കൂടാതെ ഫിഷറീസ് വകുപ്പ് മുഖേന നടപ്പാക്കുന്ന 'പുനർഗേഹം' പദ്ധതി പ്രകാരം 16 ഗുണഭോക്താക്കൾക്കായി സ്ഥലം വാങ്ങി രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. അതിൽ 7 ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന്റെ ആദ്യ ഗഡു ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) 2000-ൽ സ്ഥലം ലഭിച്ചവർക്ക് നാളിതുവരെ പട്ടയം ലഭിച്ചിട്ടില്ലാത്തതിനാൽ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിക്ക് നൽകിയ അപേക്ഷയിന്മേൽ ഇതുവരെ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

&

(സി) നഗരസഭ ഇതുമായി ബന്ധപ്പെട്ട നടപടി പൂർത്തീകരിച്ചിട്ടുള്ളതിനാൽ ഈ സർക്കാരിന്റെ നൂറുദിന പരിപാടിയിലുൾപ്പെടുത്തി പട്ടയ വിതരണം നടത്തുന്നതിന് അടിയന്തര നിർദ്ദേശം നൽകുമോ?

(ബി&സി) അമ്പലപ്പുഴ താലൂക്കിൽ ആലപ്പുഴ വെസ്റ്റ് വില്ലേജിൽ വാടയ്ക്കൽ ഫിഷറീസ് കോളനിയിൽ ഭൂമി ഏറ്റെടുത്ത് നൽകിയിട്ടുള്ള 59 കുടുംബങ്ങൾക്ക് പട്ടയം നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ലഭിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ ആലപ്പുഴ നഗരസഭാ സെക്രട്ടറിയോടും ആലപ്പുഴ വെസ്റ്റ് വില്ലേജ് ആഫീസറോടും ബന്ധപ്പെട്ട കക്ഷികളിൽ നിന്നുള്ള അപേക്ഷ സഹിതം റിപ്പോർട്ട് ഹാജരാക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്നമുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly